# കാതലും കാമ്പുമുള്ള ജീവിതസാദ്ധ്യതയാണ് ജീവിതം

## ശ്ലീഹാ ആറാം ഞായർ, ലൂക്കാ 12: 57–13:5

ഡോ. തോമസ് പാറയ്ക്കൽ

പ്രകൃതിപ്രതിഭാസങ്ങളെ തിരിച്ചറിയുന്നതുപോലെ കാലഘട്ടത്തിന്റെ സൂചനകളെ ഗ്രഹിച്ച് ക്രിയാത്മകമായി പ്രതികരിക്കാൻ നിർബന്ധിക്കുകയാണ് സുവിശേഷഭാഗം. ജീവിതത്തിന്റെയും കാലത്തിന്റെയും കെണികളറിഞ്ഞ് ഭാവാത്മകമായി പ്രത്യുത്തരിക്കുന്നില്ലെങ്കിൽ മാരകമായ അപകടങ്ങളിൽ കുടുങ്ങുകയാണ് വ്യക്തികളും സമൂഹങ്ങളും. കാലികമായ അനുഭവങ്ങളോട് 'ശരിയായി'-വിവേകത്തോടെ-ഇടപെടുന്നത് വ്യക്തിക്കും സമൂഹത്തിനും നന്മയെന്നും സമർത്ഥിക്കുന്നു സുവിശേഷവചനങ്ങൾ. പ്രാപഞ്ചികപ്രതിഭാസങ്ങളെ പ്രശംസനീയമാംവിധം വായിച്ചറിയാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് മനുഷ്യനുണ്ട്. പരിസ്ഥിതിയോട് ആത്മബന്ധം പുലർത്തുന്നതിനനുസരിച്ച് മേഘവും കാറ്റും തിരിച്ചറിഞ്ഞ് അവയുടെ നന്മതിന്മകളെ വ്യാഖ്യാനിക്കാനുള്ള കഴിവിലും മനുഷ്യൻ പിന്നിലല്ല. കർഷകനും മുക്കുവനും കപ്പൽയാത്രക്കാരും ആട്ടിടയരുമെല്ലാം പ്രകൃതിയുടെ മടിത്തട്ടിൽ കാറ്റിനോടും മഴയോടും വെയിലിനോടും ഒത്തിണങ്ങി ജീവിക്കുന്നതിനാൽ തലമുറകളായി ഇത്തരം അനുഭവപരതയുടെ അറിവ് കൈമാറ്റം ചെയ്യുന്നുമുണ്ട്. പ്രാപഞ്ചികപ്രതിഭാസങ്ങളുടെ നിരീക്ഷണവും അവ നൽകുന്ന സൂചനകളും വ്യാഖ്യാനിക്കാനുള്ള അദ്വിതീയമായ പ്രാവീണ്യം ആന്തരികയാഥാർത്ഥ്യനിഷ്ഠമായി വിലയിരുത്താനുള്ള പ്രാഗല്ഭ്യത്തിലാണ് ജീവിതഗന്ധിയും ജീവിതബന്ധിയുമാകുന്നത്. പ്രപഞ്ചമദ്ധ്യത്തിൽ ജീവിക്കുന്നവർ അവർക്കിടയിൽ സംഭവിക്കുന്ന മഹാകാര്യങ്ങൾ ശ്രദ്ധിച്ച് രക്ഷാകാലനിർണ്ണയത്തിലും സാമർത്ഥ്യം കാട്ടണം. ഈശോയെയും അവിടുത്തെ വചനങ്ങളെയും മതാത്മകതയുടെ സന്ദേശങ്ങളെയും ഉൾക്കൊണ്ട് ക്രിയാത്മകമായ ജീവിതപ്രതികരണം സാധിക്കുന്നില്ലെന്ന ദുഃഖമാണ് ഈശോ പ്രകടിപ്പിക്കുന്നത്. നാം ജീവിക്കുന്ന നാളുകളുടെ പ്രത്യേകതയും ഇതുതന്നെയല്ലേ? അറിയേണ്ടത് അറിയേണ്ടവിധം അറിയാതിരിക്കുന്നുവെന്ന ദുർഭഗഭാവം നമ്മിലുമുണ്ട്; നമ്മുടെ കാലത്തിന്റെ കൊടിയടയാളംതന്നെ അതല്ലേ? അറിവില്ലാതിരിക്കുക, അറിവിനുള്ള ശ്രമത്തിൽനിന്ന് വിരമിച്ചിരിക്കുക എത്രയോ ദയനീയം! ജീവിതത്തിൽ നമ്മുടെ മുൻഗണന എന്തിന്? ഉന്നതങ്ങളിലുള്ളതിനെക്കുറിച്ചുള്ള ചിന്തപോലും ദുർല്ലഭം. ലോകത്തിന്റെ നിസ്സാരങ്ങളായവയിൽ അഭിരമിക്കാനുള്ള പ്രവണതയാണ് ഇന്ന് എല്ലാവർക്കും. ഭൗമികകാര്യങ്ങളിലും സാമ്പത്തികകാര്യങ്ങളിലുമായി ജീവിതം കുടുങ്ങിക്കിടക്കുന്നു പലർക്കും. ലൗകികമായതിനൊപ്പം ആഴങ്ങളിൽ വേരോട്ടമില്ലാത്ത ഒരുപിടി വ്യക്തിബന്ധങ്ങളുടെ ശൃംഖലകളിൽ കൊരുത്തിട്ടിരിക്കുന്നു നാം നമ്മെത്തന്നെ. ഇതെല്ലാം വ്യക്തമാക്കുന്നത് ഒരു കാര്യം

മാത്രം: ‘ശരിയായി വിധിക്കാൻ’ (57) നാം ഇനിയും പഠിച്ചിട്ടില്ല. വിവേകത്തിന്റെ മാർഗ്ഗം ശരിയെ കണ്ടെത്തലാണ്. ശരിയെ കണ്ടെത്തുന്നിടത്തേ വിവേകത്തിന്റെ സാമാന്യത നമ്മിൽ നിലനില്ക്കുന്നുള്ളൂ.

സമയം അതിക്രമിക്കുന്നതിനുമുമ്പ് നാം ശരി കണ്ടെത്തണം. ഇല്ലെങ്കിൽ നിത്യപീഡിതാവസ്ഥയിലേക്കു നാം തൃജിക്കപ്പെടും. ‘വഴിയിൽ വച്ചുതന്നെ അവനുമായി രമ്യതപ്പെട്ടുകൊള്ളുക’ (58). ന്യായാധിപസമക്ഷം നിറുത്തപ്പെടുമ്പോൾ നീ കാരാഗൃഹപാലകന് ഏല്പിക്കപ്പെട്ട് തടവിലാക്കപ്പെടും. അവസാനതുട്ടും കൊടുക്കാതെ നിനക്ക് മോചനമുണ്ടാകില്ല. യഥാസമയം ചെയ്യേണ്ടതു ചെയ്യുന്നത് വിവേകത്തിന്റെ-ശരിയുടെ-പ്രവണതയാണ്. ലഭ്യമായ സന്ദർഭങ്ങളെ അവസാനവേളകളായി കാണുവാൻ കഴിയുന്നത് ശരിയുടെ വഴിയാണ്; വിവേകത്തിന്റെ ചുവടുവയ്പാണ്. കാലത്തിന്റെയും സമയത്തിന്റെയും സാഹചര്യങ്ങളുടെയും യഥാതഥമായ വായനകളും വ്യാഖ്യാനങ്ങളും ജീവിതഭാവങ്ങളും ഒത്തുചേരുന്നിടത്താണ് ശരി; വിവേകം. വ്യക്തിജീവിതത്തിൽ സംഘർഷങ്ങളെ ഒഴിവാക്കുക. കൂടുതൽ ദുരന്തങ്ങളെ അതുവഴി തൃജിക്കുക. ഇങ്ങനെ പ്രവർത്തിക്കുന്നവൻ കർത്താവ് പ്രദാനം ചെയ്ത രക്ഷാകരമായ കാലത്തിന്റെ സത്ത തിരിച്ചറിഞ്ഞവനാണ്. ശരിയായി പ്രതികരിച്ചില്ലെങ്കിൽ ജീവിതം അപകടത്തിൽനിന്നു കൂടുതൽ അപകടത്തിലേക്കു കൂപ്പു കുത്തും. അതിനാൽ സംഘർഷങ്ങൾ ഒഴിവാക്കുക. കൂടുതൽ ദുരന്തങ്ങളെ അകറ്റിനിറുത്തുക എന്ന് കർത്താവ് ആവശ്യപ്പെടുന്നു. ഗലീലിയായിലെ ബലിയർപ്പകരുടെയും ശീലോഹായിലെ ഗോപുരത്തകർച്ചയുടെയും വിവരണത്തിലൂടെ അനുതപിക്കാനും തെറ്റു തിരുത്താനുമുള്ള മുന്നറിയിപ്പ് ഒരുക്കുന്നു ഈശോ. ബലിയർപ്പിക്കാനെത്തിയവരുടെ രക്തം കൂടി ബലിയിൽ ചേർത്ത് അവർ ദുരന്തമായി മാറി. ഗോപുരം തകർന്നതിലൂടെ ജീവിതങ്ങളും പൊലിഞ്ഞു. ഗോപുരത്തകർച്ച വ്യക്തിജീവിതത്തകർച്ചയുടെ പ്രതീകമാണ്. ബലിയർപ്പണം ജീവിതബലിയുടെ ചരിത്രമാകുന്നതും കെട്ടിപ്പടുത്ത ഗോപുരത്തിനടിയിൽ ജീവിതം തന്നെ ഞെരിഞ്ഞമരുന്നതും ദുര്യോഗമാണ്. താദൃശദുരന്തം-അപ്രതീക്ഷിതമരണം-ആർക്കും സംഭവിക്കാം. രണ്ടു സംഭവങ്ങൾ എടുത്തുപറഞ്ഞിരിക്കുന്നത് മുന്നറിയിപ്പിന്റെ ഗൗരവഭാവത്തെ ധ്വനിപ്പിക്കുന്നു; മാനസാന്തരത്തിന്റെ അനിവാര്യതയും. മാനസാന്തരത്തിലൂടെ യഥാർത്ഥപച്ചപ്പ് കാത്തുസൂക്ഷിക്കാനും ഫലപൂർണ്ണത തനിക്കും മറ്റുള്ളവർക്കും അനുഭവപ്പെടുത്താനും നിർബന്ധിക്കുന്നു വചനം. ബാഹ്യദൃശ്യതയല്ല ആന്തരികപൂർണ്ണതയാണ് വ്യക്തിയുടെ കാതൽ. കാതലും കാമ്പുമുള്ള ജീവിതസാദ്ധ്യതയാണ് ജീവിതം ദൃശ്യമാക്കേണ്ടത്.

# അനുരഞ്ജനം ദൈവത്തോടും മനുഷ്യരോടും

ഡോ. ജോഷി മയ്യാറ്റിൽ

അനുരഞ്ജനസാധ്യതയാണ് മനുഷ്യന്റെ ഏറ്റവും വലിയ ഭാഗ്യം. മനുഷ്യൻ മർത്ത്യനായതിനാൽ അല്ലറചില്ലറ പ്രശ്നങ്ങളും കുറവുകളും കുറ്റങ്ങളും എല്ലാം എപ്പോഴും ഉണ്ടാകാം. ഈ ദൗർബല്യത്തെ അതിജീവിക്കാനുള്ള തന്റെ കഴിവ് തിരിച്ചറിയുന്നതാണ് ഒരുവന്റെ യാഥാർത്ഥ്യബോധം.

കാലത്തിന്റെയും സ്ഥലത്തിന്റെയും ഭാവഭേദങ്ങളെ തിരിച്ചറിയാൻ കഴിവുള്ളവനാണു മനുഷ്യൻ. പക്ഷേ, പലപ്പോഴും സ്വന്തം വ്യക്തിജീവിതത്തിന്റെയും ബന്ധജീവിതത്തിന്റെയും ഭാവപ്പകർച്ചകൾ തിരിച്ചറിയാനോ ഉചിതമായി ഇടപെടാനോ അവനു കഴിയാറില്ല. ഈ ആഴ്ചയിലെ സുവിശേഷഭാഗം ക്രൈസ്തവജീവിതത്തിന്റെ ഒരു സുപ്രധാന മേഖലയിലേക്കു ക്രിസ്തുശിഷ്യരുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, അനുരഞ്ജനത്തിന്റെ സുവർണപാഠത്തിലൂടെ.

ഒത്തുതീർപ്പിന്റെ സുവിശേഷമാണ് ലൂക്കാ 12:57-59ൽ നാം വായിച്ചുകേൾക്കുന്നത്. കടം വീട്ടുന്ന വിഷയമാണ് പരാമർശിതം. അധികാരിയുടെ പക്കൽ എത്തുന്നതിനുമുമ്പേ ധാരണയിലെത്താനാണു സുവിശേഷം ആവശ്യപ്പെടുന്നത്. കാര്യഗൗരവത്തോടെ തക്കസമയത്തുതന്നെ പരിഹാരം കണ്ടില്ലെങ്കിൽ വിഷയം ഗുരുതരമാകും എന്നാണ് അതു വ്യക്തമാക്കുന്നത്. അധികാരിയുടെ പക്കൽനിന്നു ന്യായാധിപന്റെയടുക്കലേക്കും പിന്നീട് പാറാവുകാരന്റെയടുത്തേക്കും പോകേണ്ടിവരുന്ന അവസ്ഥ അതു സംജാതമാക്കും. 'അവസാനത്തെ തുട്ടുവരെ കൊടുത്തുവീട്ടാതെ നീ അവിടെ നിന്നു പുറത്തു വരുകയില്ല' എന്നു വ്യക്തമാക്കുന്ന സുവിശേഷഭാഗം സവിശേഷശ്രദ്ധയർഹിക്കുന്നു. 'തുട്ട്' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'ലെപ്തോൺ' എന്ന ഗ്രീക്കുപദമാണ്. ഒന്നാം നൂറ്റാണ്ടിൽ പലസ്തീനയിൽ നിലവിലുണ്ടായിരുന്ന ഏറ്റവും ചെറിയ ചെമ്പുതുട്ടാണത്. ദിവസക്കൂലിയായ ദനാറയുടെ 128 ൽ ഒരംശമാണ് ഒരു 'ലെപ്തോൺ'. കടങ്ങൾ നിവർത്തിക്കപ്പെടണം. ആത്മീയാർത്ഥത്തിൽ, 'കടങ്ങൾ'ക്ക് വ്യത്യസ്തമാനങ്ങളുണ്ട്. മനുഷ്യരോടു ചെയ്യുന്ന ദ്രോഹങ്ങളും ദൈവത്തോടു ചെയ്യുന്ന അപരാധങ്ങളും കടങ്ങളാണ്. ജീവിതത്തിന്റെ കണക്കുപുസ്തത്തിൽ എത്രയോ കടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടാകും! ചിലത് നാം ഇളച്ചുകൊടുക്കേണ്ടവയാകാം; മറ്റു ചിലത് നമുക്ക് ഇളച്ചു കിട്ടേണ്ടവയാകാം. അതിനാലാണല്ലോ കടങ്ങൾ ഇളച്ചുനല്കാനുള്ള സന്നദ്ധത വ്യക്തമാക്കിക്കൊണ്ട് കടങ്ങൾ ഇളച്ചു ലഭിക്കാൻവേണ്ടി കർത്തൃപ്രാർത്ഥനയിൽ നാം യാചിക്കുന്നത്. വെറുപ്പിന്റെയും നീരസത്തിന്റെയും തടവിൽ കഴിയുന്നവർ ക്രമേണ യഥാർത്ഥ തടവറയിൽ കഴിയേണ്ടിവരും. ഹൃദയത്തിന്റെ അകല്ചയാണ് ലോകത്തിൽ ഏറ്റവും ദൈർഘ്യമുള്ള ദൂരം. എന്നാൽ ഇതു

മറികടക്കാൻ ഒരു സന്ദർശനദൂരമോ ഒരു കുമ്പസാരദൂരമോ ധാരാളം മതിയാകും. യഥാർത്ഥത്തിൽ, അനുരഞ്ജനവും മാനസാന്തരവും ഏറെ ലളിതമാണ് എന്നതല്ലേ സുവിശേഷം?

തുടർന്ന്, ലൂക്കാ 13:1-5ൽ മുഴങ്ങുന്നത് ഒരു മാനസാന്തരക്ഷണമാണ്. മാനസാന്തരത്തിന്റെ അടിയന്തരസ്വഭാവം വ്യക്തമാക്കുന്നതാണ് ഈ ഭാഗം. ഗലീലിയക്കാരുടെയും ജറുസലേംകാരുടെയും ദുരന്തങ്ങളുടെ ചരിത്രരേഖകൾ ലഭ്യമല്ലെങ്കിലും വിവരണത്തിന്റെ ലക്ഷ്യം വ്യക്തമാണ്. ദുരന്തങ്ങളുടെ കാരണം പാപമാണെന്ന പൊതുചിന്തയുടെ (ജോബ് 4:7; യോഹ 9:2) പശ്ചാത്തലത്തിലാണ് ഈ വിവരണം. ദുരന്തങ്ങൾക്കിരയായ ഗലീലിയക്കാരെയും ജറുസലേം കാരെയും പാപികളെന്നു കരുതുന്ന ചിന്താഗതിയിൽനിന്നു വ്യത്യസ്തമായി, ഏവരും പാപികളാണെന്നും ഏവർക്കും സത്വരമാനസാന്തരം ആവശ്യമാണെന്നും സ്ഥാപിക്കുകയാണ് ഈശോ. ദൈവത്തിന്റെ ന്യായവിധി ഗലീലിയയിലും ജറുസലേമിലുമുണ്ടായ സംഭവങ്ങളെപ്പോലെ ക്ഷിപ്രവും അപ്രതീക്ഷിതവുമാണ്. അതിനാൽ അല്പം സമയം പോലും പാഴാക്കുന്നതു യുക്തിസഹമല്ല. ചിലർ 11-ാം മണിക്കൂറിൽ മാനസാന്തരപ്പെടാമെന്നു വിചാരിക്കുന്നു. പക്ഷേ 10.30 നു മരിച്ചുപോകുന്നു! മാനസാന്തരത്തിനുള്ള ക്ഷണംതന്നെ വലിയ ദൈവകൃപയാണ്. അതിനുള്ള ആഗ്രഹമോ, പരിശുദ്ധാത്മപ്രചോദിതവും. അതിനോടു ഭാവാത്മകമായും സത്വരമായും പ്രതികരിക്കുകയും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ് യുക്തിഭദ്രം. തിരഞ്ഞെടുപ്പ് മാനസാന്തരവും നാശവും തമ്മിലാകുമ്പോൾ ബുദ്ധിയുള്ളവർ ആദ്യത്തേതല്ലേ തിരഞ്ഞെടുക്കൂ. ആൽബർട്ട് കമു അത്രയ്ക്ക് ഉദ്ദേശിച്ചിട്ടുണ്ടാവില്ലായെങ്കിലും അദ്ദേഹം എഴുതിയ വരികൾ ഈ പശ്ചാത്തലത്തിൽ ഏറെ അർത്ഥവത്താണ്: "വളയാൻ കഴിയുന്ന ഹൃദയങ്ങൾ ഭാഗ്യമുള്ളവ; എന്തെന്നാൽ അവ ഒരിക്കലും ഒടിക്കപ്പെടുകയില്ല".

SMCC-VACHANAVEDI http://www.syromalabarcatechesis.org

# അനുതപിക്കുവിൻ.....

**ഫാ. ജോർജ് ദാനവേലിൽ**

**ഓരോ** ക്രൈസ്തവവിശ്വാസിയിലും ഉണ്ടായിരിക്കേണ്ട രണ്ട് അടിസ്ഥാന മനോഭാവങ്ങളെക്കുറിച്ചാണ് ഈ ആഴ്ചയിലെ വിശുദ്ധഗ്രന്ഥവായനകളെല്ലാം ചിന്താവിഷയമാക്കുന്നത്: അനുരഞ്ജനത്തിന്റെ മനോഭാവവും മാനസാന്തരത്തിന്റെ മനോഭാവവും. അനുരഞ്ജനം ദൈവവുമായും സഹോദരങ്ങളുമായും ഉണ്ടാകേണ്ടതുണ്ട്. അനുരഞ്ജനത്തിനു വ്യക്തികളെ പ്രേരിപ്പിക്കുക മാനസാന്തരത്തിന്റെ മനോഭാവമാണ്. നിയമാവർത്തനപ്പുസ്തകത്തിൽ നിന്നുള്ള ഒന്നാമത്തെ വായനയിലൂടെ ദൈവമായ കർത്താവ് ഇസ്രായേൽജനത്തിനു നല്കിയ നിർദ്ദേശങ്ങൾ ഓർമ്മിപ്പിക്കുകയാണ്. നിങ്ങൾ ജീവിക്കേണ്ടതിനും പിതാക്കൻമാരുടെ ദൈവമായ കർത്താവു തരുന്ന

ദേശം കൈവശമാക്കേണ്ടതിനും ഞാനിപ്പോൾ പഠിപ്പിക്കുന്ന ചട്ടങ്ങളും കല്പനകളും അനുസരിക്കുവിൻ. പഴയനിയമവീക്ഷണമനുസരിച്ച് ഇസ്രായേൽജനം വാഗ്ദാനദേശം കൈവശമാക്കുന്നതിനുള്ള നിബന്ധനയാണിത്. പുതിയനിയമവിക്ഷണമനുസരിച്ച് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ദേശം സ്വർഗ്ഗരാജ്യമാണ്. ഈ സ്വർഗ്ഗരാജ്യം കൈവശമാക്കാൻ ആഗ്രഹിക്കുന്നവർ ഈശോ നല്കിയ സ്നേഹത്തിന്റെ കല്പന പാലിക്കാൻ തയ്യാറാകണം. ഇതാണ് ഇന്നത്തെ സുവിശേഷത്തിന്റെ ഒന്നാംഭാഗം (ലൂക്കാ 12:58-59) വ്യക്തമാക്കുന്ന അനുരഞ്ജനം. കർത്താവു നല്കിയ കല്പനകളും നിയമങ്ങളും അനുസരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനത്തെ ഏശയ്യാ പ്രവാചകൻ ഓർമ്മിപ്പിക്കുന്നതാണ് രണ്ടാമത്തെ വായന. മറ്റുള്ളവർക്ക് ഇടർച്ചയ്ക്കു കാരണമാകാത്ത ജീവിതം നയിക്കേണ്ടതിനെക്കുറിച്ച് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭയെ അനുസ്മരിപ്പിക്കുന്നതാണ് മൂന്നാമത്തെ വായന. സ്വർഗ്ഗരാജ്യപ്രാപ്തി ആഗ്രഹിക്കുന്നവരെല്ലാം അവശ്യം പാലിക്കേണ്ട ജീവിതക്രമങ്ങളാണ് ഈ വായനകളിലൂടെയെല്ലാം വ്യക്തമാക്കുന്നത്.

എല്ലാവരിലും ആവശ്യമായിരിക്കുന്ന മാനസാന്തരത്തിന്റെ മനോഭാവം സ്വന്തമാക്കാനാണ് ഇന്നത്തെ സുവിശേഷം ആവശ്യപ്പെടുന്നത്. യഹൂദസങ്കല്പമനുസരിച്ചു വ്യക്തിജീവിതത്തിൽ നേരിടേണ്ടിവരുന്ന അപകടങ്ങൾ, ദുരിതങ്ങൾ, എല്ലാം കർമ്മഫലമാണ്. തെറ്റുചെയ്യുന്നവൻ ശിക്ഷിക്കപ്പെടും, തെറ്റു ചെയ്യാത്തവന്റെ ജീവിതത്തിൽ ഒരിക്കലും അനർത്ഥങ്ങൾ സംഭവിക്കുകയില്ല. ഈ ചിന്താഗതി പ്രബലമായിരുന്ന പശ്ചാത്തലത്തിലാണ് ഒരു ദുരന്തവാർത്തയുമായി ചിലർ യേശുവിനെ സമീപിക്കുന്നത്. റോമൻ ഗവർണ്ണറായിരുന്ന പീലാത്തോസ് ജറുസലേമിനുവേണ്ടി ഒരു ജലവിതരണപദ്ധതി തയ്യാറാക്കി. ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ജറുസലേം ദൈവാലയത്തിന്റെ സമ്പത്തിൽ ഒരു ഭാഗം വിനിയോഗിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഇത് ഒരു വിഭാഗം യഹൂദന്മാരുടെ ശക്തമായ എതിർപ്പിനു കാരണമായി. പദ്ധതിനടത്തിപ്പിനെതിരേ അവർ ആയുധങ്ങളുമായി ജറുസലേമിൽ ഒത്തുകൂടി. ഇവരുടെ നീക്കത്തെ പട്ടാളത്തെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നതിനിടയിൽ ദേവാലയത്തിൽ ബലിയർപ്പണത്തിൽ ഏർപ്പെട്ടിരുന്ന ഏതാനും ഗലീലിയരും വധിക്കപ്പെട്ടു. ഈ സംഭവമാണ് യേശുവിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. വധിക്കപ്പെട്ട ഗലീലിയർ പാപികളായിരുന്നു എന്നു സ്ഥാപിക്കാനാണു തന്റെ ചുറ്റുമുള്ളവർ ശ്രമിക്കുന്നത് എന്നു മനസ്സിലാക്കിയ ഈശോ മറ്റൊരു അപകടസംഭവം കൂടി അവരുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്-സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണ സംഭവം. ഈശോ ഈ രണ്ടു സംഭവങ്ങളുടെയും വിശദീകരണത്തിലൂടെ യഹൂദരുടെ തെറ്റായ ചിന്താഗതിയെ കുറ്റപ്പെടുത്തുകയാണ്. ഏതാനും ചിലർക്കു ജീവിതത്തിൽ നേരിടേണ്ടിവരുന്ന ദുരന്തങ്ങളുടെ അടിസ്ഥാനത്തിൽ അവർ മറ്റെല്ലാവരെയുംകാൾ പാപികളായിരുന്നു എന്നു വിധിക്കാൻ കഴിയില്ല എന്നാണ് ഈശോ പഠിപ്പിക്കുന്നത്. ഈ ദുരന്തങ്ങൾ എല്ലാം ഒരു മുന്നറിയിപ്പായി സ്വീകരിക്കാനാണ് ഈശോ ആവശ്യപ്പെടുന്നത്. ലോകത്തിൽ സംഭവിക്കുന്ന ദുരന്തങ്ങൾ, അപകടങ്ങൾ എന്നിവയെല്ലാം നിത്യജീവിതത്തിനായി എപ്പോഴും ഒരുങ്ങിയിരിക്കാനുള്ള മുന്നറിയിപ്പാണു നമുക്കു നൽകുന്നത്.

ഇതിനെയെല്ലാം സൂചനകളായി സ്വീകരിക്കാൻ കഴിയണം, തിന്മയുടെ പാതയിൽനിന്നു നന്മയുടെ പാതയിലേക്കു തിരിയാനുള്ള സൂചന. ആരുടെയെങ്കിലും വ്യക്തിജീവിതത്തിലോ കുടുംബജീവിതത്തിലോ ഉണ്ടാകുന്ന ദുരിതങ്ങളോ അപകടങ്ങളോ അവരുടെ പാപത്തിന്റെ ഫലമായി വന്നുചേരുന്നതാണെന്ന ചിന്താഗതിയെത്തന്നെയാണ് ഈശോ കുറ്റപ്പെടുത്തുന്നത്. എങ്കിലും, ഇന്നും നമ്മിൽ ചിലരെങ്കിലും, ചിലപ്പോഴെങ്കിലും ഇത്തരം ചിന്താഗതി പുലർത്തുന്നവരാണെന്നതല്ലേ യാഥാർഥ്യം. ഒരുവൻ, താൻ മറ്റൊരുവനേക്കാൾ നീതിമാനാണെന്നു കരുതുന്നത് തികച്ചും ഭോഷത്തമാണ്. ചുങ്കക്കാരന്റെയും ഫരിസേയന്റെയും ഉപമയിലൂടെ ഈശോ പഠിപ്പിക്കാനാഗ്രഹിക്കുന്നത് ഈ സന്ദേശമാണ്.

മനുഷ്യന്റെ വലിയ പാപങ്ങളിലൊന്നായി വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നത് പശ്ചാത്താപത്തിന്റെയും മാനസാന്തരത്തിന്റെയും അഭാവമാണ്. ആദ്യസുവിശേഷമായ വി. മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നതുതന്നെ മാനസാന്തരത്തിനുള്ള ആഹ്വാനത്തോടെയാണ് (മർക്കോ. 1:4). ഈ സന്ദേശം തന്നെയാണ് സമാന്തരസുവിശേഷങ്ങളിലും നാം കാണുന്നത്. മാനസാന്തരം അടിസ്ഥാനപരമായി മനസ്സിന്റെ പരിവർത്തനമാണ്. ദൈവത്തിന് അസ്വീകാര്യമായ എല്ലാകാര്യങ്ങളിലും നിന്നു പിന്തിരിയുകയും ദൈവത്തിൽ പൂർണ്ണമായി ആശ്രയം വയ്ക്കുകയും ചെയ്യുന്നതോടൊപ്പം മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾകൂടി (യോഹ.3:10-14) പുറപ്പെടുവിക്കുന്നതാണ് പൂർണ്ണമായ മാനസാന്തരം. ഇതിനു നമ്മെ സഹായിക്കുന്നത് ഈശോ വാഗ്ദാനം ചെയ്ത സഹായകനായ പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു പ്രത്യേക പ്രാധാന്യം നല്കി അനുസ്മരിക്കുന്ന ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലത്തിൽ, ഫലങ്ങൾ പുറപ്പെടുവിക്കുന്ന യഥാർത്ഥമായ മാനസാന്തരത്തിനായി നമുക്കു പരിശുദ്ധാത്മാവിന്റെ സഹായം പ്രത്യേകമായി യാചിക്കാം.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ദൈവം കരുണാമയനോ നീതിമാനോ

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**

തീപ്പൊരി പെന്തക്കോസ്ത് സുവിശേഷ പ്രസംഗകനും ടി.വി. സുവിശേഷകനുമായ ജെറി ഫാൽവെൽ 2003 സെപ്റ്റംബർ 11-ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണ സംഭവത്തിനുശേഷം പ്രതികരിച്ചതിങ്ങനെ: ''നാം ദൈവത്തെ പൊതുസ്ഥലങ്ങളിൽ നിന്നും ആട്ടിയോടിച്ചു; വിദ്യാലയങ്ങളിൽനിന്നും പുറത്താക്കി. അതിനാൽ അമേരിക്കയ്ക്കുണ്ടായിരുന്ന ദൈവത്തിന്റെ സംരക്ഷണകവചം എടുത്തുമാറ്റപ്പെട്ടിരിക്കുന്നു; ദൈവകരം അമേരിക്കയ്ക്കുമേൽ പതിച്ചിരിക്കുന്നു.'' ആക്രമണത്തിന്റെ സൂത്രധാരൻ ഒസാമബിൻലാദനും പറഞ്ഞത് ഏതാണ്ടിതേ ധ്വനിയുള്ള വാക്കുകൾ

തന്നെ: ''സർവ്വശക്തനായ ദൈവത്തിന്റെ പ്രഹരം അമേരിക്കയ്ക്കുമേൽ പതിച്ചിരിക്കുന്നു.'' ഗുജറാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ ബൈബിൾ കത്തിച്ച നാടിനുമേൽ ദൈവകോപം എന്നു കവലകൾതോറും മൈക്കുകെട്ടി പ്രസംഗിച്ചുനടന്നവരെയും നമുക്കു മറക്കാറായിട്ടില്ല.

വിപ്ലവകരമായ ആശയങ്ങൾക്കുടമയായ ഗലീലിയാക്കാരനായ ഈശോ എന്ന യുവനേതാവിനോടു ചില ആനുകാലികദുരന്തങ്ങളെപ്പറ്റിയുള്ള വീക്ഷണമാരായുകയാണ് അദ്ദേഹത്തിന്റെ ശ്രോതാക്കൾ. ഇന്നത്തെ മാധ്യമപ്രവർത്തരുടെ ശൈലിയിൽ ഈശോയെ കുടുക്കാൻ പോരുന്ന വിവാദപരമായ ഒരു പ്രസ്താവനയ്ക്കാവാം അവർ ചൂണ്ടയിട്ടത്. ദൈവത്തിന്റെ ന്യായാസനത്തിങ്കലേക്കു പോകുമ്പോൾ ശത്രുവുമായി രമ്യപ്പെടാനുള്ള ഈശോയുടെ ആഹ്വാനത്തിന്റെ പശ്ചാത്തലത്തിലാണ് ഗലീലിയാക്കാരനായ ചിലരെ പീലാത്തോസ് വധിച്ച വിവരം തത്പരകക്ഷികൾ ഈശോയെ അറിയിക്കുന്നത്. ശത്രു എന്നതിനു യഹൂദരെ സംബന്ധിച്ച് അക്കാലത്തെയർത്ഥം തങ്ങളുടെ മതജീവിതത്തിനു കൂച്ചുവിലങ്ങിടുകയും തങ്ങളുടെ ആളുകളെ കൊന്നുതള്ളുകയും ചെയ്യുന്ന റോമൻഭരണകൂടം എന്നതായിരുന്നു.ദേവാലയഭണ്ഡാരത്തിലെ പണമെടുത്തു നഗരവികസന പ്രവർത്തനത്തിനുപയോഗിക്കാനുള്ള പീലാത്തോസിന്റെ ശ്രമത്തെ ചെറുത്ത യഹൂദർ കൊല്ലപ്പെട്ട വാർത്ത ഈശോയെ അവർ അറിയിക്കുന്നു. എന്തിനും ഏതിനും സ്ഥാനത്തും അസ്ഥാനത്തും പ്രസ്താവനകളിറക്കി വിവാദങ്ങളുടെ കാര്യത്തിൽ താൻ തന്നെ കേമൻ എന്നു രോമാഞ്ചം കൊള്ളുന്ന നവനേതാക്കളിൽനിന്നു വ്യത്യസ്തമായി, ധിക്കാരവും കാപട്യവും മർക്കടമുഷ്ടിയും മുഖമുദ്രയായിരുന്ന ഒരു ജനതയ്ക്ക്, മാനസാന്തരാഹ്വാനം നല്കാൻ ഈ സംഭവം ഈശോ പ്രയോജനപ്പെടുത്തുന്നു. ഒപ്പം സീലോഹാക്കുളത്തിന്റെ തെക്കുകിഴക്കേ മതിലിൽ സ്ഥാപിതമായിരുന്ന ഗോപുരം റോമാക്കാരുമായുള്ള സംഘട്ടനത്തിനിടയിൽ തകർക്കപ്പെട്ടു യഹൂദർ മരിക്കാനിടയായ സംഭവവും അവിടുന്നു സൂചിപ്പിക്കുന്നു.

മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങളും നശിക്കും എന്ന് ഈശോ ഈ രണ്ട് ആനുകാലികസംഭവങ്ങളെയും ആസ്പദമാക്കി പഠിപ്പിക്കാൻ ഉദ്യമിക്കുകയാണിവിടെ. തന്റെ നാട്ടുകാരായ യഹൂദർക്കു റോമൻ അധീശത്വത്തിന്റെ ധാർഷ്ട്യത്തിനു മുന്നിൽ ജീവൻ ഹോമിക്കേണ്ടിവന്ന വാർത്ത ശ്രദ്ധിച്ച് ഈശോ പ്രകോപിതനാകുന്നില്ല. അതേസമയം അവിടുന്ന് ആ സംഭവത്തെ പാടേ വിഗണിക്കുന്നുമില്ല; ദുരന്തത്തിനിരയായവരെ വിധിക്കുന്നുമില്ല. കുറ്റമാരോപിക്കാനുള്ള സഹജവാസനയെ തള്ളിപ്പറഞ്ഞു ദുരന്തത്തിനിരകൾ പാപംമൂലം ശാപത്തിനിരകൾ എന്ന പരമ്പരാഗത കാഴ്ചപ്പാടിന്റെ പുനർവായന ഈശോ നടത്തുന്നു.

പാപം ചെയ്തതുകൊണ്ടാണ് ഭവനത്തിൽ തകർച്ച എന്നല്ല പാപത്തിന്മേൽ പണിതുയർത്തപ്പെട്ട ഭവനങ്ങൾ തകർന്നുവീഴുകതന്നെ ചെയ്യും എന്നാണവിടുന്നു പഠിപ്പിച്ചത്. ഓരോരോ ദുരന്തത്തിൽപ്പെടുന്നവർ പാപികളായതിനാൽ ദൈവം പാഠം പഠിപ്പിച്ചതല്ല; മറിച്ച് അവരുടെ ദുരന്തങ്ങൾ നമുക്കോരോരുത്തർക്കും ഉള്ള പാഠമാകേണ്ടതാണ് എന്ന് അവിടുന്നു പഠിപ്പിച്ചു.ചുറ്റും

സംഭവിക്കുന്നതിലെല്ലാം നമുക്കായി ഒരു സന്ദേശം ഒളിഞ്ഞിരുപ്പുണ്ടെ ന്നർത്ഥം. കാലത്തിന്റെ ചുവരെഴുത്തുകളെ ഗ്രഹിച്ചുകൊണ്ടു ജീവിതം ക്രമീകരിക്കാനുള്ള ഈശോയുടെ ആഹ്വാനമാണിവിടെ. 'ഇന്നു ഞാൻ നാളെ നീ' എന്നതു ശവമഞ്ചത്തിലും സെമിത്തേരിച്ചുവരിലും മാത്രം എഴുതേണ്ട ഒന്നല്ല; ഹൃദയഭിത്തികളിൽ കോറിയിടേണ്ട തുതന്നെയാണ്. മാനസാന്തരം യാഥാർത്ഥ്യമാകുന്നത് അതു ഫലം ചൂടുമ്പോഴാണ്. ക്ഷമാസാഗരമായ ദൈവം മാനസാന്തരത്തിന്റെ ഫലങ്ങൾക്കായി ഏറെക്കാലമായി കാത്തിരിക്കുന്നുവെന്നു ഫലം തരാത്ത അത്തിവൃക്ഷത്തിന്റെ ഉപമയിലൂടെ ഈശോ പഠിപ്പിക്കുന്നു. പലപല അനുഭവങ്ങളിലൂടെ കടത്തിവിട്ടിട്ടും ഇസ്രായേൽജനതയ്ക്കു മാനസാന്തരത്തിന്റെ ലാഞ്ഛന പോലുമില്ലെന്നു ദൈവപുത്രൻ ഇവിടെ പരിതപിക്കുന്നു. ഇസ്രായേലിനെ തന്റെ മുന്തിരിത്തോട്ടമായും (ഏശയ്യ 5:4,1-7) അത്തിവൃക്ഷമായും(ഹോസി 9:10)പഴയനിയമത്തിൽ ദൈവം ചിത്രീകരിക്കുന്നുണ്ട്. മൂന്നുവർഷത്തെ ഈശോയുടെ പരസ്യജീവിതകാലത്തെ മാനസാന്തരാഹ്വാനങ്ങളുടെ ചുവടുകിളയും ദൈവരാജ്യത്തിന്റെ സുവിശേഷമാകുന്ന വളവും സ്വീകരിച്ചിട്ടും ഫലം ചൂടാതിരുന്ന ഇസ്രായേലാകുന്ന മുന്തിരിത്തോപ്പിലെ ഓരോ യഹൂദനുമാകുന്ന അത്തിവൃക്ഷത്തിൻമേലുള്ള ദൈവനീതിയുടെ നടത്തിപ്പ് ഈശോയുടെ ദീർഘ ക്ഷമ നീട്ടിവയ്ക്കുന്നു എന്നതായിരുന്നു കേൾവിക്കാർക്കുള്ള ഈശോയുടെ സന്ദേശം.

ഗ്രീക്കുസഹിത്യത്തിലെ അനശ്വരകഥാകാരനായ കസാൻദ് സാക്കിസിന്റെ 'ദ ലാസ്റ്റ് ടെംറ്റേഷൻ ഓഫ് ക്രൈസ്റ്റി'ൽ ഇത്തരത്തിൽ സ്നാപകനും ഈശോയും തമ്മിലുള്ള ആശയസംഘട്ടനത്തിന്റെ രംഗമുണ്ട്. സ്നാപകൻ ഈശോയോടു പറയുന്നു: ''വൃക്ഷം ജീർണ്ണിച്ചിരിക്കുന്നു; ദൈവം എന്നെ വിളിച്ച് എനിക്കൊരു മഴു തന്നിരിക്കുന്നു. അത് ഞാൻ മരത്തിന്റെ വേരിനു വച്ചിരിക്കുന്നു. ഞാൻ എന്റെ കർമ്മം നിർവഹിച്ചു. നീ നിന്റേതു ചെയ്യുക-അതെടുത്ത് വെട്ടുക.'' ഈശോ മറുപടി പറഞ്ഞു: ''ഞാൻ അഗ്നിയായിരുന്നെങ്കിൽ കത്തിക്കാമായിരുന്നു. ഞാൻ മരംവെട്ടുകാരനായിരുന്നെങ്കിൽ വെട്ടിയേനെ; പക്ഷേ, ഞാനൊരു ഹൃദയമാണ്. ഞാൻ സ്നേഹിക്കുന്നു.'' ഫലം തരാത്തവയ്ക്കുപോലും വീണ്ടുമൊരവസരം കൂടി നല്കുന്ന ദൈവകാരുണ്യത്തിന്റെ സൗന്ദര്യം ഈശോ ഇവിടെ വെളിവാക്കുന്നു എന്നാൽ ഫലം തരാത്ത ശാഖയെ പിതാവ് മുറിച്ചുനീക്കും എന്ന് ഈശോ വ്യക്തമായി പഠിപ്പിക്കുന്നുമുണ്ട് (യോഹ.15:2). പഴയനിയമത്തിലും നാം ഇത്തരം പരാമർശങ്ങൾ കാണുന്നുണ്ട്. ''ഞാൻ വിളവെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ മുന്തിരിച്ചെടിയിൽ പഴമില്ല. അത്തിവൃക്ഷത്തിൽ കായ്കളുമില്ല. ഇലപോലും വാടിക്കൊഴിഞ്ഞു. അതിനാൽ അവരുടെ നേരേ ഞാൻ വിനാശകനെ അയയ്ക്കും'' (ജറ.8:13). ദൈവം കരുണാവാരിധി തന്നെ. പക്ഷേ അവിടുന്ന് നീതിമാൻ കൂടിയാണ് എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. അതിനാൽ പ്രഭാഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു: ക്ഷമിക്കുമെന്നോർത്ത് വീണ്ടും വീണ്ടും പാപം ചെയ്യരുത് . അവിടുത്തെ കാരുണ്യം നിസ്സീമമാണ്. അവിടുന്ന് തന്റെ എണ്ണമറ്റ പാപങ്ങൾ ക്ഷമിക്കും എന്നു പറയരുത്. കാരുണ്യത്തോടൊപ്പം ക്രോധവും കർത്താവിലുണ്ട്. അവിടുത്തെ ക്രോധം

പാപികളുടെമേൽ പതിക്കും. അതിനാൽ കർത്താവിങ്കലേക്കു തിരിയാൻ വൈകരുത്. നാളെ നാളെ എന്നു നീട്ടിവയ്ക്കുകയുമരുത്. കർത്താവിന്റെ കോപം അവിചാരിതമായി ഉണരുകയും ആ ശിക്ഷയിൽ നീ നശിക്കുകയും ചെയ്യും'' (പ്രഭാ.5: 5-7). കർത്താവിന്റെ കോപം എന്നത് അവിടുത്തെ നീതി എന്ന അർത്ഥത്തിൽ വേണം നാം വായിക്കുവാൻ.



# അനുതാപത്തിനുള്ള അടയാളങ്ങൾ

ഫാ.സൈറസ് വേലംപറമ്പിൽ

അനന്തമായ ആശയവിനിമയബന്ധങ്ങളുടെ ലോകത്തു ജീവിക്കുന്ന ആധുനിക മനുഷ്യന്റെ മുമ്പിൽ ലോകത്തെവിടെയും നടക്കുന്ന ഏതു സംഭവവും ഞൊടിയിടയിലെത്തുന്നു. ഭൂകമ്പങ്ങൾ, പട്ടിണി, ചുഴലിക്കാറ്റുകൾ, പകർച്ചവ്യാധികൾ, യുദ്ധങ്ങൾ, ഭീകരാക്രമണം, ഗർഭച്ഛിദ്രം തുടങ്ങിയവയിലൂടെയെല്ലാമായി ലോകത്ത് എന്തുമാത്രം മരണമാണ് അനുനിമിഷം നടക്കുന്നത്. ഇതുകൂടാതെ മനുഷ്യന്റെ അത്യാഗ്രഹവും ദുശ്ചിന്തകളും നിമിത്തം പ്രകൃതിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ വേറെ. ഇവയെല്ലാം ഒഴിവാക്കാനായി എന്തുമാത്രം സംരക്ഷണവും സഹായവും ഏർപ്പെടുത്തിയാലും ലോകത്തിന്റെ എല്ലാ കോണുകളിലും അവ വീണ്ടും അരങ്ങേറിക്കൊണ്ടിരിക്കുന്നു. ദൈവം അവയെക്കുറിച്ച് എന്തുപറയുന്നു..അവ മനുഷ്യനു നൽകുന്ന സന്ദേശമെന്ത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഇന്നത്തെ വായനകളിലൂടെ നമുക്കു ലഭിക്കുന്നത്.

രണ്ട് ആനുകാലികസംഭവങ്ങളെ ബന്ധപ്പെടുത്തി ഈശോ തന്റെ ശ്രോതാക്കളെ അനുതാപത്തിന് ആഹ്വാനം ചെയ്യുന്ന സുവിശേഷഭാഗമാണു നമ്മുടെ വിചിന്തനപ്രമേയം. നമ്മുടെ ചുറ്റുപാടും നടക്കുന്ന നിരവധിയായ അപകടമരണങ്ങളെക്കുറിച്ചു വാതോരാതെ സംസാരിക്കുന്ന നാം നമ്മുടെ ആത്മാവിൽ സംഭവിക്കുന്ന നിത്യനാശത്തെക്കുറിച്ചു ബോധവാ ന്മാരല്ല. മറ്റുള്ളവരുടെമേലുള്ള ദൈവത്തിന്റെ വിധികൾ നമ്മെ സംബന്ധിച്ചിടത്തോളം അനുതപിക്കാനുള്ള ദൈവത്തിന്റെ ഉച്ചത്തിലുള്ള ആഹ്വാനങ്ങളാണ്. ദുരന്തങ്ങൾ ദൈവം മനുഷ്യനു നൽകുന്ന അടയാളങ്ങളാണ്. നാമും ഈവിധ നാശങ്ങളിൽനിന്നും ആത്മനാശത്തിൽനിന്നും രക്ഷപ്രാപിക്കാൻ അനുതാപം ആവശ്യമാണെന്നു ചൂണ്ടിക്കാട്ടുന്ന അടയാളങ്ങൾ നിയമാവർത്തനപുസ്തകവും എഴുതുന്നു. 'കർത്താവ് ബാൻപെയോർ നിമിത്തം ചെയ്തതെന്താണെന്ന് നിങ്ങളുടെ കണ്ണുകൾ കണ്ടതാണല്ലോ. ബാൻപെയോറിനെ പിന്തുടർന്നവരെയെല്ലാം നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങളുടെയിടയിൽനിന്നു നശിപ്പിച്ചുകളഞ്ഞു' (നിയമ. 4:3).

ദൈവത്തിലേക്കുള്ള മാനസാന്തരവും യേശുക്രിസ്തുവിലുള്ള വിശ്വാസവും കൂടാതെ ഒരുവനും രക്ഷപ്പെടുക സാധ്യമല്ല. യഥാർത്ഥ മാനസാന്തരം ആരംഭിക്കേണ്ടതു പാപബോധത്തിൽ നിന്നാണ്. തന്റെ തെറ്റിനെക്കുറിച്ചുള്ള ഖേദവും കടന്ന് അതു ദൈവതിരുമുമ്പാകെ ഏറ്റുപറയുന്നതിലെത്തി നിൽക്കുന്നു. തൽഫലമായി പാപത്തിൽ നിന്നകലുന്ന മനുഷ്യൻ ഈശോമിശിഹായിലുള്ള വിശ്വാസത്തിൽ സജീവനായിത്തീരുന്നു. രക്ഷ പ്രാപിക്കുന്നതിനുവേണ്ടി ഐശ്വര്യവും സമാധാനവും രാജ്യത്ത് നിലനിൽക്കുന്നതിനു വേണ്ടി, കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും ജീവിതപ്രമാണങ്ങളായി അവൻ സ്വീകരിക്കുന്നു.

ജീവിതസത്ഫലങ്ങൾ പുറപ്പെടുവിക്കണമെന്നാണു ഫലം തരാത്ത അത്തിവൃക്ഷത്തിന്റെ ഉപമയിലൂടെ യേശു ഉപദേശിക്കുന്നത്. ഇപ്പോൾ നാശത്തിൽനിന്നു രക്ഷപ്പെട്ടു നാം ജീവിക്കുന്നവരെങ്കിൽ, 'ഈ വർഷംകൂടെ നിൽക്കട്ടെ' യെന്ന കർത്താവിന്റെ ഹിതപ്രകാരമാണ്. കർത്താവ് നമ്മുടെമേൽ ചൊരിഞ്ഞ ക്ഷമയും കാരുണ്യവും, മാനസാന്തരപ്പെടാൻ നമുക്കൊരവസരം കൂടി തരുന്നതിനാണ്. പാപത്തിൽനിന്നു പിന്തിരിയുവാനും ക്രിസ്തുവിലേക്കു നടന്നടുക്കുവാനും കർത്താവ് നമുക്കു സമയവും സ്ഥലവും അവസരവും അനുവദിച്ചിരിക്കുന്നു. 'നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ' (അപ്പ.3:19എന്ന വചനം നമ്മുടെ ചെവിയിൽ നിരന്തരം മുഴങ്ങേണ്ടിയിരിക്കുന്നു.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ജീവിതംകൊണ്ടു പൂരിപ്പിക്കേണ്ട ഉപമ

**ഫാ. ജോർജ് ദാനവേലിൽ**

യഹൂദസങ്കല്പമനുസരിച്ചു വ്യക്തിജീവിതത്തിൽ നേരിടേണ്ടിവരുന്ന അപകടങ്ങൾ, ദുരിതങ്ങൾ, എല്ലാം കർമ്മഫലമാണ്. തെറ്റുചെയ്യുന്നവൻ ശിക്ഷിക്കപ്പെടും, തെറ്റു ചെയ്യാത്തവന്റെ ജീവിതത്തിൽ ഒരിക്കലും അനർത്ഥങ്ങൾ സംഭവിക്കുകയില്ല. ഈ ചിന്താഗതി പ്രബലമായിരുന്ന പശ്ചാത്തലത്തിലാണ് ഒരു ദുരന്തവാർത്തയുമായി ചിലർ യേശുവിനെ സമീപിക്കുക.

റോമൻ ഗവർണ്ണറായിരുന്ന പീലാത്തോസ് ജറുസലേമിനുവേണ്ടി ഒരു ജലവിതരണപദ്ധതി തയ്യാറാക്കി. ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ജറുസലേം ദേവാലയത്തിന്റെ സമ്പത്തിൽ ഒരു ഭാഗം വിനിയോഗിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഇത് ഒരു വിഭാഗം യഹൂദന്മാരുടെ ശക്തമായ എതിർപ്പിനു കാരണമായി. പദ്ധതിനടത്തിപ്പിനെതിരെ അവർ ആയുധങ്ങളുമായി ജറുസലേമിൽ ഒത്തുകൂടി. ഇവരുടെ നീക്കത്തെ പട്ടാളത്തെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നതിനിട

യിൽ ദേവാലയത്തിൽ ബലിയർപ്പണത്തിൽ ഏർപ്പെട്ടിരുന്ന ഏതാനും ഗലീലിയരും വധിക്കപ്പെട്ടു. ഈ സംഭവമാണ് യേശുവിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. വധിക്കപ്പെട്ട ഗലീലിയർ പാപികളായിരുന്നു എന്നു സ്ഥാപിക്കാനാണു തന്റെ ചുറ്റുമുള്ളവർ ശ്രമിക്കുന്നത് എന്നു മനസ്സിലാക്കിയ ഈശോ മറ്റൊരു അപകട സംഭവം കൂടി അവരുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്, സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണ സംഭവം.

ഈശോ ഈ രണ്ടു സംഭവങ്ങളുടെയും വിശദീകരണത്തിലൂടെ യഹൂദരുടെ തെറ്റായ ചിന്താഗതിയെ കുറ്റപ്പെടുത്തുകയാണ്. ഏതാനും ചിലർക്കു ജീവിതത്തിൽ നേരിടേണ്ടിവരുന്ന ദുരന്തങ്ങളുടെ അടിസ്ഥാനത്തിൽ അവർ മറ്റെല്ലാവരെയുംകാൾ പാപികളായിരുന്നു എന്നു വിധിക്കാൻ കഴിയില്ല എന്നാണ് ഈശോ പഠിപ്പിക്കുക. ഈ ദുരന്തങ്ങൾ എല്ലാം ഒരു മുന്നറിയിപ്പായി സ്വീകരിക്കാനാണ് ഈശോ ആവശ്യപ്പെടുക. ലോകത്തിൽ സംഭവിക്കുന്ന ദുരന്തങ്ങൾ, അപകടങ്ങൾ എന്നിവയെല്ലാം നിത്യജീവിതത്തിനായി ഒരുങ്ങിയിരിക്കാനുള്ള മുന്നറിയിപ്പാണു നമുക്കുനൽകുക. ഇതിനെയെല്ലാം സൂചനകളായി സ്വീകരിക്കാൻ കഴിയണം, തിന്മയുടെ പാതയിൽനിന്നു നന്മയുടെ പാതയിലേക്കു തിരിയാനുള്ള സൂചന.

പശ്ചാത്താപത്തിനും മാനസാന്തരത്തിനുമുള്ള ആഹ്വാനം അത്തിവൃക്ഷത്തിന്റെ ഉപമയിലൂടെ ഈശോ വീണ്ടും ശക്തിയായി അവതരിപ്പിക്കുകയാണ്. പലസ്തീനായിൽ ഏറ്റവും അധികം കൃഷി ചെയ്യപ്പെട്ടിരുന്നതും നല്ലഫലം പുറപ്പെടുവിച്ചിരുന്നതുമായ കാർഷികവിളയായിരുന്നു അത്തിമരവും മുന്തിരിച്ചെടിയും. മുന്തിരിത്തോട്ടത്തിനു നടുവിൽ വച്ചുപിടിപ്പിച്ചിരിക്കുന്ന അത്തിമരത്തെക്കുറിച്ചാണ് ഉപമയിൽ പറയുക. ഇതിനു പിന്നിലൊരു ഉദ്ദേശ്യമുണ്ട്. മുന്തിരിച്ചെടിക്കു നൽകുന്നഅത്ര പരിരക്ഷ അത്തിമരത്തിന് ആവശ്യമില്ല. എന്നാൽ ഉപമയിൽ പറയുന്ന അത്തിമരത്തിന് ആവശ്യമായിരുന്നതിലും അധികം പരിപാലനം നല്കിയിരുന്നു എന്നു കാണിക്കാനാണ്, മുന്തിരിച്ചെടികൾക്കു നടുവിലുള്ള അത്തിമരത്തെക്കുറിച്ചു പറയുക. കൃഷിഭൂമിയിൽ കൃഷിയിറക്കുന്ന കർഷകൻ വലിയ പ്രതീക്ഷയോടെയാണതു ചെയ്യുക. തന്റെ കൃഷിയെക്കുറിച്ച് അയാൾക്കു നൂറുനൂറു സ്വപ്നങ്ങൾ കാണും. അതിനാൽ തന്റെ സ്വപ്നങ്ങൾക്കു നിറം മങ്ങുമ്പോൾ, തന്റെ പ്രതീക്ഷകൾ തകരുമ്പോൾ കർഷകൻ മറ്റൊരു കൃഷിചെയ്യാൻ നിർബന്ധിതനാകും. ഇതിനായി അവൻ തന്റെ കൃഷിസ്ഥലം വെട്ടിയൊരുക്കും. ഇതിൽ അവനെ കുറ്റം പറയാൻ ആർക്കും സാധിക്കില്ല. അത് അവന്റെ അവകാശമാണ്. ഈ അവകാശം വിനിയോഗിക്കാനാണു യജമാനൻ ശ്രമിക്കുക. എന്നാൽ, യജമാനന്റെ ആശ്രിതനായ കൃഷിക്കാരൻ ഒരവസാനശ്രമത്തിനായി ഒരവസരം കൂടി യാചിക്കുകയാണ്. അവസാനശ്രമവും വിഫലമാകുകയാണെങ്കിൽ അത്തിമരം വെട്ടിക്കളയാം എന്നു സമ്മതിക്കുകയും ചെയ്യുന്നു.

യഹോവയുടെ മുന്തിരിത്തോട്ടത്തിൽ നട്ടുവളർത്തിയ അത്തിവൃക്ഷമായിരുന്നു ഇസ്രായേൽ. യവോവയുടെ പ്രത്യേകമായ പരിചരണവും പരിലാളനയുമേറ്റാണ് ഇസ്രായേൽ വളർന്നത്. കാലാകാലങ്ങളിൽ അവരെ വെട്ടിയൊരുക്കി നേർപാതയിലേക്കു കൊണ്ടുവരാനായി നിയമജ്ഞരെയും

പ്രവാചകൻന്മാരെയും നൽകി. പക്ഷേ ഏശയ്യാപ്രവാചകനിലൂടെ യഹോവ തന്റെ വേദന തുറന്നു കാണിക്കുകയാണ്. കാട്ടുപഴമായിരുന്നു ഇസ്രായേലിൽ വിളഞ്ഞത്. (ഏശയ്യാ 5/1-7).

ഈശോയുടെ മനഷ്യാവതാരരക്ഷണീയകർമ്മത്തിലൂടെ ഇസ്രായേലിന്റെ സ്ഥാനത്തു നാമാണ് നിൽക്കുക. തന്റെ ഏകജാതന്റെ തിരുരക്തം പോലും വിലയായി നൽകി ദൈവം സംരക്ഷിച്ചെടുത്തത് നമ്മളെയാണ്. ഫലം പുറപ്പെടുവിക്കാത്ത അത്തിവൃക്ഷം എന്ന ആരോപണം നമ്മുടെ നേരെയാണുയരുക.

ജീവനുള്ള ഏതിന്റെയും അസ്തിത്വം പൂർണ്ണമാവുക അതു ഫലം പുറപ്പെടുവിക്കുമ്പോഴാണ്. എന്നാൽ, മുന്തിരിത്തോട്ടത്തിൽ നിന്ന് അത്തിമരത്തിനു ലഭിക്കുന്നതിനു സമാനമായ സംരക്ഷണവും പരിപാലനയും ഏറ്റുവാങ്ങുകയും യാതൊരു ഫലവും പുറപ്പെടുവിക്കാതിരിക്കുന്നതുമായ അത്തിമരങ്ങൾ നമ്മുടെയിടയിലുണ്ട്. സമൂഹസേവകന്റെ ലേബലുമൊട്ടിച്ച് അഴിമതിയും കരിഞ്ചന്തയും നടത്തുന്ന പൊതുപ്രവർത്തകരും, കിമ്പളം കൈയിൽ എത്തുമ്പോൾ മാത്രം ഫയൽനീക്കുന്ന ഉദ്യോഗസ്ഥപ്രമുഖരും, ശമ്പളംമാത്രം ലാക്കാക്കി അദ്ധ്യാപനം നടത്തുന്ന അദ്ധ്യാപകരും, കൈയൂക്കുകൊണ്ടും സംഘടിതബലം കൊണ്ടും കാര്യ നടത്തുന്ന സംഘടിത തൊഴിലാളിവർഗ്ഗവും എല്ലാം ഉൾപ്പെട്ടതാണ് ഇന്നത്തെ സമൂഹം. ഇവിടെ ഓരോരുത്തരും ചിന്തിക്കേണ്ടത് അവരവരുടെ ജീവിതാവസ്ഥയുടെ ഫലം പുറപ്പെടുവിക്കാൻ സാധിക്കുന്നുണ്ടോ എന്നാണ്. ഒരമ്മ എത്ര സുന്ദരിയാണങ്കിലും വിദ്യാസമ്പന്നയാണെങ്കിലും, എത്ര കുഞ്ഞുങ്ങളെ പ്രസവിച്ചാലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു നിർവഹിക്കുമ്പോഴാണ് അമ്മയെന്ന നിലയിലുള്ള അസ്തിത്വം അവളിൽ ഫലം പുറപ്പെടുവിച്ചു എന്നു പറയുവാൻ കഴിയുക.

പൂർത്തിയാകാത്ത ഒരു ഉപമയാണ് ഫലം തരാത്ത അത്തിവൃക്ഷത്തിന്റെ ഉപമ. ഈ ഉപമയിലെ അത്തിവൃക്ഷം ഫലം പുറപ്പെടുവിച്ചോ, ഇല്ലയോ? എന്ന ചോദ്യം അപ്രസക്തമാണ്. ഈ ഉപമ പൂർത്തിയാക്കപ്പെടേണ്ടതും പൂരിപ്പിക്കേണ്ടതും ഓരോ വ്യക്തിയും അവനവന്റെ ജീവിതത്തിലൂടെയാണ്.